LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാജാരവിവർമ്മയുടെ 168-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി 2015 മാർച്ച് 25 മുതൽ ഏപ്രിൽ 8 വരെ സംസ്ഥാന പുരസ്കാരത്തിന് അർഹരായ പത്ത് ശിൽപികളെ ഉൾപ്പെടുത്തി ശിൽപ്പാഞ്ജലി എന്ന ശിൽപകലാ ക്യാമ്പും 2015 ഏപ്രിൽ 29-ന് രവിവർമ്മ അനുസ്മരണ പ്രഭാഷണങ്ങളും കുട്ടികളുടെ ചിത്രരചനാ ശിൽപശാലയും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) 168-ാം ജന്മദിനാഘോഷ പരിപാടികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ഇനം തിരിച്ച് താഴെ ചേർക്കുന്നു :

1.	അനുസ്മരണ പ്രഭാഷണങ്ങളും സമ്മേളനവും കുട്ടികളുടെ ചിത്രശിൽപശാലയും.	52.711
2.	ശിൽപാഞ്ജലി ശിൽപകലാ ക്യാമ്പ് 2015 മാർച്ച് 25 മുതൽ ഏപ്രിൽ 8 വരെ	938.121

(സി) കേരള ലളിതകലാ അക്കാദമിക്ക് അനുവദിച്ച പദ്ധതിയിന ഫണ്ടിൽ നിന്നാണ് ഈ തുക ചെലവഴിച്ചത്.

മിഷൻ 676 -ൽ ഉൾപ്പെട്ട സാംസ്കാരികരംഗത്തെ പദ്ധതികൾ

78 (1446) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരികരംഗത്ത് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676-ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലയാളം അറബി സാഹിത്യോത്സവം (സാഹിത്യ അക്കാദമി), അന്തർദ്ദേശീയ കാവ്യോത്സവം (സാഹിത്യ അക്കാദമി), സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ ടെന്റ് തിയേറ്റർ പദ്ധതി, കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം (ലളിതകലാ അക്കാദമി), കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗാലറി (ലളിതകലാ അക്കാദമി), 14 ജില്ലകളിലും വഴിയോര ശിൽപങ്ങൾ (ലളിതകലാ അക്കാദമി), കണ്ണൂരിൽ ശ്രീകണ്ഠാപുരത്ത് കലാഗ്രാമം (ലളിതകലാ അക്കാദമി), കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക്‌ലോർഗ്രാമം (ഫോക്‌ലോർ അക്കാദമി), സാംസ്കാരിക നിഘണ്ടു (2 വാല്യം), ഭാഷാ നിഘണ്ടു, കമ്പ്യൂട്ടർ നിഘണ്ടു, വാദ്യകലാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്), അംബേദ്കർ ഫൗണ്ടേഷൻ അനുവദിച്ച അംബേദ്കർ ചെയർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്), സർവ്വവിജ്ഞാനകോശം 8-ാം വാല്യം പരിഷ്കരിച്ചതിന്റെ പ്രസിദ്ധീകരണം (സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട്), വിജ്ഞാനകോശം വാല്യങ്ങളുടെ ഉള്ളടക്കം കീവേർഡ് സേർച്ചിലൂടെ വിക്കിപീഡിയ മോഡലിൽ ലഭ്യമാകുന്ന പദ്ധതി (സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്), കേരള കലാമണ്ഡലത്തിന്റെ 5 മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടി, കേരള കലാമണ്ഡലത്തിന്റെ രംഗകലാ മ്യൂസിയം പണി പൂർത്തീകരണം, മലയാളം മിഷൻ മുഖേന കേരളത്തിനുപുറത്തുള്ള മലയാളം പഠന കേന്ദ്രങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും സാമ്പത്തികസഹായം നൽകുന്നതിനുമുള്ള നടപടി, മലയാളം മിഷൻ മുഖേന പുതിയതായി ഇന്ത്യയ്ക്കകത്തും പുറത്തും പുതിയ മലയാളം പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടി, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന കളിയും ചിരിയും വായനയും പ്രദാനം ചെയ്യുന്ന ഇന്ററാക്ടീവ് പുസ്തകങ്ങളുടെ പ്രസിദ്ധീകരണം പുരാവസ്തുവകുപ്പ് മുഖേന ജില്ലാതല പൈതൃക മ്യൂസിയങ്ങളുടെ പൂർത്തീകരണം കേന്ദ്രസഹായത്തോടെ തിരുവനന്തപുരം കോയിക്കൽ കൊട്ടാരം മ്യൂസിയം തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം കോഴിക്കോട് പഴശ്ശി മ്യൂസിയം എന്നിവയുടെ നവീകരണ പണികൾ (പുരാവസ്തു വകുപ്പ്), മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരണം (പുരാരേഖവകുപ്പ്), വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സമര മെമ്മോറിയൽ (പുരാരേഖവകുപ്പ്), തിരുവനന്തപുരത്തെ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം (പുരാരേഖവകുപ്പ്), ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരളീയ കലകൾ ഇന്ത്യയ്ക്കകത്തും പുറത്തും പ്രചരിപ്പിക്കുന്നതിന് വിപുലമായ പദ്ധതികൾ വൈക്കം സത്യാഗ്രഹ മ്യൂസിയവും ഗാന്ധിപ്രതിമയും വൈക്കത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി (പുരാരേഖാവകുപ്പ്), തകഴി സ്മാരകത്തിന്റെ പുതിയ കെട്ടിടം പണി പൂർത്തീകരണം എന്നി പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നത്.

(ബി&സി) മിഷൻ 676-ലൂടെ താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്:

1. മലയാളം അറബി സാഹിത്യോത്സവം
2. ടെന്റ് തിയേറ്റർ പദ്ധതി.
3. കായംകളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം നിർമ്മാണം.
4. കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗാലറി നിർമ്മാണം.
5. സാംസ്കാരിക നിഘണ്ടു (2 വാല്യം), ഭാഷാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം.
6. സർവ്വവിജ്ഞാന കോശം 8-ാം വാല്യം പരിഷ്കരിച്ചത് പുറത്തിറക്കി.
7. നോളഡ്ജ് വെബ് റിപ്പോസിറ്ററി പൈലറ്റ് പ്രോജക്ട്.
8. കേരള കലാമണ്ഡലത്തിന്റെ 5 മേഖലാ കേന്ദ്രങ്ങൾ ആരംഭിച്ചു.
9. രംഗകലാ മ്യൂസിയത്തിന്റെ കെട്ടിടം പണി പൂർത്തീകരിച്ചു
10. മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ചു
11. ഭാരത് ഭവന്റെ നേതൃത്വത്തിൽ പൂനെ, ഹരിയാന, മൈസൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ കേരളോത്സവം സംഘടിപ്പിച്ച് കേരളീയ കലാരൂപങ്ങൾ മറുനാടുകളിൽ പ്രചരിപ്പിക്കുക എന്ന സാംസ്കാരിക വിനിമയ പരിപാടി തുടരുന്നതിന്റെ ഭാഗമായി സൗത്ത് കൊറിയ, യു.എസ്.എ., ബാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് കേരളീയ കലാരൂപങ്ങൾ അയയ്ക്കുവാൻ 2015 ജൂലൈ വരെയുള്ള പദ്ധതികളുടെ രൂപരേഖ ഭാരത് ഭവൻ മുഖേന പൂർത്തിയായിട്ടുണ്ട്.

കൂടാതെ ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ ശ്രീകണ്ഠാപുരത്ത് കാക്കണ്ണൻപാറ കലാഗ്രാമം കെട്ടിട നിർമ്മാണം KITCO ആരംഭിച്ചു. അന്താരാഷ്ട്ര പ്രസിദ്ധരായ ശിൽപികളെ വഴിയോര ശിൽപ പദ്ധതിക്കുവേണ്ടി നിശ്ചയിച്ചിട്ടുണ്ട്. ശിലാസ്ഥാപനത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമായ ഇടങ്ങളിൽ ശിൽപം സ്ഥാപിക്കുന്നതാണ്. ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക്‌ലോർ ഗ്രാമത്തിന്റെ പണി ആരംഭിച്ചു. നിലവിൽ പഠന പ്രവർത്തനങ്ങൾ നടന്നുവരുന്ന കേന്ദ്രങ്ങൾക്കുപുറമേ ഇന്ത്യയ്ക്കകത്തും പുറത്തും മലയാളം മിഷൻ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. നിലവിലുള്ള പഠനകേന്ദ്രങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ പുരോഗമിക്കുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഇന്ററാക്ടീവ് പുസ്തകങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി പുസ്തകം പ്രസിദ്ധീകരിക്കുന്നതിനായി ചിത്രകാരന്മാരുടെയും ഡിസൈനർമാരുടെയും വർക്ഷോപ് സംഘടിപ്പിച്ചിട്ടുണ്ട്. 10 പുസ്തകങ്ങളുടെ ഡിസൈൻ ജോലി പൂർത്തിയാക്കി ഫൈനൽ പ്രിന്റിംഗിന് തയ്യാറാക്കിയിട്ടുണ്ട്. അംബേദ്കർ ചെയർ ആരംഭിക്കുന്നതിനായി അംബേദ്കർ ഫൗണ്ടേഷൻ ഫണ്ട് ലഭ്യമാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ ഗ്രന്ഥ സൂചി 1996-2000 വർഷങ്ങളിലെ വിവരങ്ങളടങ്ങിയ പുതിയ വോള്യം പ്രകാശനത്തിന് തയ്യാറാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര കാവ്യോത്സവത്തിന് രൂപരേഖ തയ്യാറാക്കാൻ നിർവ്വാഹക സമിതിയംഗത്തെ അക്കാദമി ചുമതല പ്പെടുത്തിയിട്ടുണ്ട്. പുരാരേഖ വകുപ്പിന്റെകീഴിലുള്ള വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സമര മെമ്മോറിയൽ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. പുരാവസ്തു വകുപ്പിന്റെ കീഴിൽ എറണാകുളം, തൃശ്ശൂർ, വയനാട്, തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലാതല മ്യൂസിയങ്ങളുടെ നിർമ്മാണ പദ്ധതികളും കേന്ദ്രസഹായത്തോടെ നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം എന്നിവയുടെ നവീകരണ പദ്ധതികളും പുരോഗമിച്ചുവരുന്നുണ്ട്.

സർക്കാർ പരസ്യങ്ങളിൽ മന്ത്രിമാരുടെ ചിത്രങ്ങൾ - സുപ്രീംകോടതി വിധി

79 (T 1447) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പരസ്യങ്ങളിൽ മുഖ്യമന്ത്രി, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ചിത്രങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിധി വന്നതിനുശേഷം സംസ്ഥാന സർക്കാരിന്റെ ചെലവിൽ നല്കിയ ഏതെങ്കിലും പരസ്യത്തിൽ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ രാഷ്ട്രീയ നേതാക്കളുടെയോ ഉദ്യോഗസ്ഥരുടെയോ ചിത്രം ഉപയോഗിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.